(സി) പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകും ; ആവശ്യമെങ്കിൽ കൂടുതൽ തുക പദ്ധതിക്കായി വകയിരുത്തുന്ന കാര്യം പരിഗണിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 57 ലക്ഷം (അൻപത്തി ഏഴ് ലക്ഷം) രൂപ.

(സി) ബീച്ചിലേയ്ക്കുള്ള റോഡിന്റെ നവീകരണം, പാർക്കിംഗ് യാർഡ്, വാക്‌വേ, ഗേറ്റ്, ഓപ്പൺ സ്റ്റേജ്, പവലിയൻ, ഫുഡ് കോർട്ട്, കുട്ടികളുടെ കളിസ്ഥലം, ടോയ്‌ലറ്റ്, ലാന്റ്സ്കേപ്പിംഗ് എന്നീ പ്രവൃത്തികളാണ് മുഖ്യമായും പദ്ധതിയുടെ ഭാഗമായി നടത്തുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) പ്രവൃത്തി ഒരു മാസത്തിനകം ആരംഭിക്കാനാകുമെന്ന് കരുതുന്നു. കൂടുതൽ തുക വകയിരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കോഴിക്കോട് മിഠായി തെരുവ് സൗന്ദര്യവൽക്കരിക്കുന്ന പദ്ധതി

91 (4714) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മിഠായിതെരുവ് സൗന്ദര്യവത്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദ സഞ്ചാരവകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) മിഠായി തെരുവ് സൗന്ദര്യവൽക്കരണത്തിന് സർക്കാർ ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ മേൽപ്പടി പദ്ധതിയിൽ നഗരത്തിലെ വാണിജ്യ കേന്ദ്രങ്ങളായ ബിഗ് ബസാർ, എസ്.എം. സ്ട്രീറ്റ്, പാളയം എന്നിവിടങ്ങളിലെ ചരിത്ര പ്രാധാന്യമുള്ള റോഡുകളുടേയും കെട്ടിടങ്ങളുടേയും നവീകരണം, നടപ്പാതയുടെ നവീകരണം എന്നിവയാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ പദ്ധതി തുടങ്ങാൻ കഴിഞ്ഞില്ല. എന്നാൽ 1.50 കോടി രൂപ ചെലവിൽ ഈ പ്രവൃത്തി ചെയ്യാനുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly